പൂർവികർക്കായുള്ള പ്രാർത്ഥന

Prayer for Ancestors



ശാപകാരണങ്ങൾ

1. **വിഗ്രഹാരാധന - വിഗ്രഹം നിർമ്മിക്കുകയോ അതിനെ ആരാധിക്കുകയോ ചെയ്യുക:** നിയമാവർത്തനം 27:15; പുറപ്പാട് 20:5
2. **മാതാപിതാക്കളെ ബഹുമാനിക്കാതിരിക്കുക :** നിയമാവർത്തനം 27:16
3. **അയൽക്കാരനെ ദ്രോഹിക്കുക :** നിയമാവർത്തനം 27:17
4. **ഭിന്നശേഷിക്കാരോടുള്ള ക്രൂരത :** നിയമാവർത്തനം 27:18
5. **അനാഥരെ അവഗണിക്കുക :** നിയമാവർത്തനം 27:19
6. **വ്യഭിചാരം :** നിയമാവർത്തനം 22:21-29
7. **രക്തബന്ധത്തിലുള്ളവരുമായുള്ള ലൈംഗികത, (അഗമ്യഗമനം) :** നിയമാ 27:20; 22-23
8. **മൃഗങ്ങളുമായുള്ള ലൈംഗികബന്ധം :** നിയമാവർത്തനം 27:21
9. **പരസംഗം :** നിയമാവർത്തനം 22:22-27; ജോബ് 24:15-18; സംഖ്യാ 5:27; ലേവ്യർ 20:10
10. **സ്വവർഗഭോഗം :** ഉല്പത്തി 19; ലേവ്യർ 20:13
11. **മറ്റു ലൈംഗിക പാപങ്ങൾ :** ലേവ്യർ 20:13-14 ; നിയമ 22:25, നിയമ 23:2
12. **ശപിക്കപ്പെട്ട വസ്തുക്കൾ കൈവശം വയ്ക്കുക :** നിയമാവർത്തനം 7:25-26, ജോഷ്വാ 7:11-12, അപ്പോ.പ്രവർത്തികൾ 19:19
13. **ജ്യോതിഷം, മന്ത്രവാദം, ശകുനം, ആഭിചാരം, മൃതസമ്പർക്ക വിദ്യ തുടങ്ങിയ തിന്മ പ്രവർത്തികൾ :** നിയമാവർത്തനം 18:9-13; ലേവ്യർ 20:6, 27
14. **കൊലപാതകം :** നിയമാവർത്തനം 27:24
15. **കൊലപാതകത്തിന് കൂട്ടുനിൽക്കുക (ഭ്രൂണഹത്യക്കുൾപ്പെടെ) :** നിയമ 27:25
16. **കർത്താവിനെ ഉപേക്ഷിക്കുക :** നിയമാവർത്തനം 28:20
17. **സമൃദ്ധിയിൽ കർത്താവിനെ മറക്കുക :** നിയമാവർത്തനം 28:47-48
18. **കർത്താവിന്റെ നാമത്തെ ബഹുമാനിക്കാതിരിക്കുക :** നിയമാവർത്തനം 28:58
19. **ദൈവവചനം അവഗണിച്ച് സ്വന്തം വഴിയിൽ നടക്കാമെന്ന് കരുതുന്ന അഹങ്കാരം :** നിയമാവർത്തനം 29:19-20
20. **അബ്രാഹാമിന്റെ സന്തതിയെ ശപിക്കുക :** ഉല്പത്തി 12:3; 27:29; സംഖ്യാ 24:9
21. **കർത്താവിനു വേണ്ടി പ്രവർത്തിക്കാൻ വിസമ്മതിക്കുക :** ന്യായാധിപന്മാർ 5:23; ജറെമിയ 48:10
22. **ദൈവത്തിന് മഹത്വം കൊടുക്കാതിരിക്കുക :** മലാക്കി 2:2
23. **നേർച്ചകൾ നൽകാതിരിക്കുക :** മലാക്കി 3:8-9; ഹഗ്ഗായി 1:2-11
24. **മറ്റുള്ളവരെ കർത്താവിൽ നിന്ന് അകറ്റി അന്യമതത്തിലേക്ക് നയിക്കുക :** നിയമാവർത്തനം 13:1-5, 13/13, 29/18
25. **ദൈവവചനം എടുത്തുകളയുക, കൂട്ടിചേർക്കുക :** വെളിപാട് 22:18-19

26. **കർത്താവിനെതിരെ കലാപമുയർത്താൻ പഠിപ്പിക്കുക :** ജറെമിയ 28:16-17
27. **പാപം ചെയ്യുന്നവർക്ക് മുന്നറിയിപ്പ് നൽകാതിരിക്കുക :** എസക്കി 3:18-21
28. **സാബത്ത് അശുദ്ധമാക്കുക :** പുറപ്പാട് 31:14; സംഖ്യാ 15:32-36
29. **സുവിശേഷത്തെ വളച്ചൊടിക്കുക :** ഗലാത്തിയ 1:8-9
30. **ഭരണാധികാരികളെ ശപിക്കുക :** 1 രാജാക്കന്മാർ 2:8-9; പുറപ്പാട് 22:28
31. **മറ്റുള്ളവരോട് ക്ഷമിക്കാതിരിക്കുക :** മത്തായി 18:34-35
32. **ശിശുബലി (ഉദാ: ഗർഭച്ഛിദ്രം) :** നിയമാവർത്തനം 18:10; ലേവ്യർ 18:21
33. **കർത്താവിന്റെ കല്പനകൾ അനുസരിക്കാതിരിക്കുക :** നിയമാവർത്തനം 11:28; 27:26
34. **വാക്കുകളാൽ വരുന്ന ശാപങ്ങൾ :** മരണവും ജീവനും നാവിന്റെ അധികാരത്തിലാണ് (സുഭാ 18:21). പറയുന്ന വാക്കുകൾക്ക് അനുഗ്രഹിക്കാനോ ശപിക്കാനോ ശക്തിയുണ്ട്. (മർക്കോസ് 11:14) (യോഹന്നാൻ 11:43) അതുപോലെ നമ്മുടെ വാക്കുകൾക്കും അനുഗ്രഹിക്കാനോ ശപിക്കാനോ, തകർക്കാനോ പണിയാനോ ശക്തിയുണ്ട്. നമുക്കെതിരെ മറ്റുള്ളവർ പറഞ്ഞ ശാപവാക്കുകൾ, നാം മറ്റുള്ളവർക്കെതിരെ പറഞ്ഞ ശാപവാക്കുകൾ, നാം നമുക്കെതിരെ പറഞ്ഞ ശാപവാക്കുകൾ പറഞ്ഞുപേക്ഷിക്കണം. മത്തായി 5:44, മത്തായി 12:36 അകാരണമായ ശാപം ഏൽക്കുകയില്ല. സുഭാ 26:2, സംഖ്യാ 23:8, ഉല്പത്തി 27:13, മത്തായി 27:24-25, സംഖ്യാ 14:27-28

ശാപവിടുതൽ

> *(പൂർണ കുമ്പസാരം നടത്തിയതിനു ശേഷം 21 ദിവസം ഉപവാസത്തോടും പ്രാർത്ഥനയോടും കൂടി ഈ കുടുംബവ്യക്ഷവിടുതൽ പ്രാർത്ഥന ചൊല്ലാവുന്നതാണ് ഉത്തമം. എല്ലാ ദിവസവും വിശുദ്ധ കുർബാനയിൽ പങ്കെടുത്തു ചൊല്ലുന്നതാണ് ഏറ്റവും നല്ലത്.)*

കർത്താവായ യേശുക്രിസ്തുവേ, അങ്ങ് ദൈവപുത്രനാണെന്നും ദൈവത്തിലേക്കുള്ള ഏകവഴിയാണെന്നും അങ്ങ് എന്റെ പാപങ്ങൾക്കുവേണ്ടി കുരിശിൽ മരിച്ചു ഉയിർത്തെഴുന്നേറ്റു എന്നും ഞാൻ വിശ്വസിക്കുന്നു;

കർത്താവായ യേശുവേ, ഞാൻ എന്റെ എല്ലാ പാപങ്ങളും ഉപേക്ഷിച്ച് കരുണയ്ക്കും ക്ഷമയ്ക്കും വേണ്ടി അങ്ങയിലേക്ക് തിരിയുന്നു. പിതാവേ, ഇവിടെ പേരുകൾ എഴുതപ്പെട്ടിരിക്കുന്ന പൂർവ്വികരിൽ ആരെങ്കിലും, അല്ലെങ്കിൽ അവരുടെ മുൻഗാമികൾ തങ്ങളുടെ പാപങ്ങളെക്കുറിച്ച് പശ്ചാത്തപിക്കാതെയും അവയിൽ നിന്ന് പിന്തിരിയാതെയുമാണ് ഈ ലോകത്തിൽ നിന്ന് കടന്നുപോയതെങ്കിൽ, ഓ യേശുവേ, എന്റെ കുടുംബത്തിന്റെ പ്രതിനിധികളായി ഞാൻ (എന്റെ ജീവിത

പങ്കാളിയും) അവർക്കായി ക്ഷമ ചോദിക്കുകയും അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

അങ്ങയുടെ തിരുമുറിവുകളിൽ നിന്ന് ചിന്തിയ വിലയേറിയ തിരുരക്തത്താൽ അവരുടെ പാപങ്ങളും കടങ്ങളും ക്ഷമിക്കണമേ. ഞങ്ങളുടെയും അവരുടെയും വിഗ്രഹാരാധന, പൈശാചിക പൂജകൾ,കടമറ്റത്ത് സേവ, വച്ചുപൂജകൾ, മന്ത്രവാദം, ആഭിചാരം, കൂടോത്രം, പാവപ്പെട്ടവരോടും നിസ്സഹായരോടും ചെയ്ത ദ്രോഹങ്ങൾ, വേലക്കാരുടെ കൂലി പിടിച്ചുവച്ചത്, മാതാപിതാക്കളോട് ചെയ്ത ദ്രോഹങ്ങൾ, വൈദികഹത്യ, ഗുരുഹത്യ, കൊലപാതകം, ഭ്രൂണഹത്യ,അർഹതയില്ലാത്ത സമ്പത്തിന്റെ അപഹരണം, ആഹാരം,ദാഹജലം, നടവഴി, കിടപ്പാടം, চিকিৎসা എന്നിവ നിഷേധിച്ചത്, വ്യഭിചാരം പരസംഗം, സ്വവർഗ്ഗഭോഗം,മൃഗഭോഗം, ലൈംഗികപാപങ്ങൾ തുടങ്ങിയവ ഞങ്ങൾ ഏറ്റുപറഞ്ഞ് ഞങ്ങൾക്കും അവർക്കുംവേണ്ടി മാപ്പ്ചോദിക്കുന്നു. മൺമറഞ്ഞുപോയവർക്ക് നിത്യശാന്തി നൽകണമേ, ജീവിച്ചിരിക്കുന്നവരെ വിശുദ്ധിയുള്ള ജീവിതം നയിക്കാനും നിത്യജീവൻ പ്രാപിക്കാനും അനുഗ്രഹിക്കണമേ .

ഞങ്ങളുടെ പൂർവ്വികരുടെ പാപങ്ങളുടെയും പരാജയങ്ങളുടെയും ഫലമായി ഞങ്ങളുടെ കുടുംബ വൃക്ഷത്തിന്റെ വംശാവലിയിൽ വന്നുചേർന്ന അശുദ്ധികളും ശാപങ്ങളും യേശുവിന്റെ രക്തത്താൽ നീക്കം ചെയ്യണമേ. പൂർവ്വികർ പിശാചുമായി നേരിട്ടോ പാപം വഴിയോ സ്ഥാപിച്ച ഉടമ്പടികളിലൂടെ പണിയപ്പെട്ട പൈശാചിക ബലിപീഠങ്ങൾ ഞങ്ങൾ യേശുനാമത്തിൽ തകർക്കുന്നു. ഞങ്ങളുടെ കുടുംബവഴികളിൽ സാത്താനോ അവന്റെ ദൂതന്മാർക്കോ ഇനി ഒരു നിയമപരമായ അവകാശവാദവും ഇല്ലെന്ന് യേശുവിന്റെ നാമത്തിൽ പ്രഖ്യാപിക്കുന്നു. യേശുവിനെ രക്ഷകനായും ദൈവത്തെ പിതാവായും പരിശുദ്ധാത്മാവിനെ പരിപാലകനായും ഏറ്റുപറഞ്ഞു ഞങ്ങളുടെ കുടുംബത്തിൽ ത്രിയേക ദൈവത്തിന് യാഗപീഠം പണിയുന്നു. അങ്ങനെ അനന്തര തലമുറകളിലേക്ക് കടന്നുവന്നിട്ടുള്ള സത്താന്യമായ എല്ലാ വാതിലുകളും യേശുവിന്റെ രക്തത്താൽ പൂർണമായും അടയട്ടെ. യേശുനാമത്തിന്റെ ശക്തിയാൽ, ഞങ്ങളുടെ മേലുള്ള സാത്താന്റെ എല്ലാ അവകാശവാദങ്ങളും ഇപ്പോൾ ഇവിടെ ഇല്ലാതാവട്ടെ. ഞങ്ങളുടെ ആത്മീയ ജീവിതത്തിനും ആത്മീയ വളർച്ചയ്ക്കും ആവശ്യമായ എല്ലാ വാതിലുകളും, ആത്മാവിന്റെ എല്ലാ ദൈവസമ്പർക്ക സാധ്യതകളും, തുറക്കപ്പെടട്ടെ . എന്റെയും കുടുംബാംഗങ്ങളുടെയും മേലും എന്റെ ദേഹം, ദേഹി, ആത്മാവിന്റെ മേലും എന്റെ ഭവനം,ആരോഗ്യം, സമ്പത്ത് ദൈവികശുശ്രൂഷകൾ എന്നിവയുടെമേലും ഞാൻ യേശുവിന്റെ രക്തം തളിക്കുന്നു.അവയുടെമേൽയേശുവിന്റെ രക്തത്തിന്റെ സർവാധിപത്യം പ്രഖ്യാപിക്കുന്നു.എന്റെ ആത്മീയ അധികാരത്തിൽ ദാരിദ്ര്യത്തിന്റെയും പരാജയത്തിന്റെയും ശാരീരിക മാനസിക രോഗങ്ങളുടെയും ദുശ്ശീലങ്ങളുടെയും ദുരന്തത്തിന്റെയും മാത്സര്യത്തിന്റെയും സർപ്പ അരൂപികളോടു എന്റെ കുടുംബവും ജീവിതവും വിട്ടിറങ്ങാൻ അജ്ഞാപിക്കുന്നു. എന്റെ ജീവിതത്തിനും ദൈവിക പദ്ധതികൾക്കും കുടുംബത്തിനും മുകളിൽ സാത്താൻ പണിതുയർത്തിയ എല്ലാ

കോട്ടകളും യേശുനാമത്തിൽ തകർന്നടിയട്ടെ. എന്നിലും എന്റെ പ്രിയപ്പെട്ടവരിലും ദൈവരാജ്യം പണിതുയർത്തപ്പെടട്ടെ.

ഓ ദൈവമേ ദാവീദുഭവനത്തിന്റെ താക്കോൽ തോളിൽ വഹിച്ചിരിക്കുന്ന അങ്ങ് അടയ്ക്കുന്നത് ആർക്കും തുറക്കാനാവില്ല, അങ്ങ് തുറക്കുന്നത് ആർക്കും അടയ്ക്കാനുമാവില്ല.(എശയ്യ :22/22)

Causes of Curses

1. **Idolatry - Making or worshiping an idol:** Deuteronomy 27:15; Exodus 20:5
2. **Dishonouring parents:** Deuteronomy 27:16
3. **Harming a neighbour:** Deuteronomy 27:17
4. **Cruelty towards the disabled (the blind):** Deuteronomy 27:18
5. **Neglecting orphans/the vulnerable:** Deuteronomy 27:19
6. **Adultery:** Deuteronomy 22:21-29
7. **Incest (Sexual relations with blood relatives):** Deuteronomy 27:20; 22-23
8. **Bestiality (Sexual relations with animals):** Deuteronomy 27:21
9. **Fornication (Illicit sexual relations):** Deuteronomy 22:22-27; Job 24:15-18; Numbers 5:27; Leviticus 20:10
10. **Homosexuality:** Genesis 19; Leviticus 20:13
11. **Other sexual sins:** Leviticus 20:13-14; Deuteronomy 22:25; Deuteronomy 23:2
12. **Possessing accursed objects:** Deuteronomy 7:25-26; Joshua 7:11-12; Acts 19:19
13. **Evil practices such as astrology, witchcraft, divination, sorcery, and necromancy:** Deuteronomy 18:9-13; Leviticus 20:6, 27
14. **Murder:** Deuteronomy 27:24
15. **Being an accomplice to murder (including abortion):** Deuteronomy 27:25
16. **Forsaking the Lord:** Deuteronomy 28:20
17. **Forgetting the Lord in times of prosperity:** Deuteronomy 28:47-48
18. **Failing to honour the name of the Lord:** Deuteronomy 28:58
19. **The arrogance of thinking one can walk in their own way, ignoring the word of God:** Deuteronomy 29:19-20
20. **Cursing the descendants of Abraham:** Genesis 12:3; 27:29; Numbers 24:9
21. **Refusing to do the work of the Lord:** Judges 5:23; Jeremiah 48:10
22. **Failing to give glory to God:** Malachi 2:2
23. **Withholding offerings and tithes:** Malachi 3:8-9; Haggai 1:2-11
24. **Leading others away from the Lord to other religions:** Deuteronomy 13:1-5, 13, 29:18
25. **Adding to or taking away from the word of God:** Revelation 22:18-19
26. **Teaching rebellion against the Lord:** Jeremiah 28:16-17
27. **Failing to warn those who sin:** Ezekiel 3:18-21
28. **Profaning the Sabbath:** Exodus 31:14; Numbers 15:32-36

29. **Distorting the Gospel:** Galatians 1:8-9
30. **Cursing rulers:** 1 Kings 2:8-9; Exodus 22:28
31. **In forgiveness towards others:** Matthew 18:34-35
32. **Child sacrifice (e.g., abortion):** Deuteronomy 18:10; Leviticus 18:21
33. **Disobeying the commandments of the Lord:** Deuteronomy 11:28; 27:26
34. **Curses brought by words:**

- Death and life are in the power of the tongue (Proverbs 18:21). Spoken words have the power to bless or curse (Mark 11:14; John 11:43). Likewise, our own words have the power to bless or to curse, to destroy or to build up.
- We must renounce the words of curse spoken by others against us, the words of curse we have spoken against others, and the words of curse we have spoken against ourselves (Matthew 5:44; Matthew 12:36).
- A causeless curse does not alight (Proverbs 26:2; Numbers 23:8; Genesis 27:13; Matthew 27:24-25; Numbers 14:27-28).

Deliverance from Curses

> *(It is highly recommended to recite this Family Tree Deliverance Prayer with fasting and prayer for 21 days after making a complete and thorough Confession. It is best to recite it while participating in the Holy Mass every day.)*

Lord Jesus Christ, I believe that You are the Son of God and the only way to God, and that You died on the cross for my sins and rose again.

Lord Jesus, I renounce all my sins and turn to You for mercy and forgiveness. Father, if any of the ancestors whose names are written here, or their predecessors, passed away from this world without repenting and turning away from their sins, O Jesus, as a representative of my family, I (along with my spouse) ask for forgiveness on their behalf and pray for them.

By the precious Holy Blood shed from Your holy wounds, forgive their sins and debts. We confess and ask for pardon for ourselves and for them for all idolatry, demonic worship, occult practices (such as *Kadamattathu Seva* and *Vachupooja*), witchcraft, black magic, sorcery, harm done to the poor and helpless, withholding the wages of laborers, wrongs committed against parents, the killing of priests or mentors, murder, abortion, usurping undeserved wealth, denying food, drinking water, the right of way, shelter, or medical treatment, and for adultery, fornication, homosexuality, bestiality, and all other sexual sins. Grant eternal rest to the departed, and bless the living to lead a holy life and attain eternal life.

By the blood of Jesus, please remove all the impurities and curses that have entered the lineage of our family tree as a result of the sins and failures of our ancestors. In the name of Jesus, we destroy the demonic altars built through covenants our ancestors established with the devil, either directly or through sin. We declare in the name of Jesus that Satan and his angels no longer have any legal claim over our family lineage. Confessing Jesus as our Savior, God as our Father, and the Holy Spirit as our Provider and Sustainer, we build an altar to the Triune God in our family. May all the satanic doors that have opened into subsequent generations be completely closed by the blood of Jesus.

By the power of the name of Jesus, may all of Satan's claims upon us be nullified right here and now. May all the doors necessary for our spiritual life and spiritual growth, and all possibilities for our soul's communion with God, be opened. I sprinkle the blood of Jesus over myself and my family members, over my body, soul, and spirit, and over my home, health, wealth, and divine ministries. I proclaim the absolute sovereignty of the blood of Jesus over them. In my spiritual authority, I command the serpentine spirits of poverty, failure, physical and mental illnesses, bad habits, tragedy, and rivalry to leave my family and my life. May all the strongholds built by Satan over my life, divine plans, and family be destroyed in the name of Jesus. May the Kingdom of God be built in me and in my loved ones.

O God, You who place on Your shoulder the key of the house of David; You shall open, and none shall shut; and You shall shut, and none shall open. (Isaiah 22:22)